"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- സേവനത്തിൽനിന്നും വിരമിച്ച കൃഷി ജോയിന്റ് ഡയറക്ടർ ശ്രീമതി ബീന ബി.എസ്. ന് ജോയിന്റ് ഡയറക്ടർ തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.704/2023/AGRI തീയതി,തിരുവനന്തപുരം, 20-07-2023

---

പരാമർശം:-

1. സ.ഉ. (പി) 3/2019/കൃഷി തീയതി 29/01/2019
2. സ.ഉ. (സാധാ) 601/2019/കൃഷി തീയതി 04.07.2019
3. സ.ഉ. (സാധാ) 899/2019/കൃഷി തീയതി 01.10.2019
4. സ.ഉ.(പി) 28/2022/കൃഷി തീയതി 01.09.2022
5. കാർഷിക വികസന കർഷക്ഷേമ വകുപ്പ് ഡയറക്ടറുടെ 17/06/2022 ലെ SB(1) 10898/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക്ഷേമ വകുപ്പിൽ ജോയിന്റ് ഡയറക്ടറായി 31/05/2020 ന് സേവനത്തിൽനിന്നും വിരമിച്ച ശ്രീമതി ബീന ബി.എസ് ന്റെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപിക്കാത്തതിനാൽ ടിയാരിയെ 2019 വർഷത്തെ പരാമർശം (1) പ്രകാരമുള്ള കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയുണ്ടായില്ല. ടിയാളുടെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ 14/01/2018 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിച്ചിതിനെ തുടർന്ന് കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി 30.07.2019 യിൽ ചേർന്ന ഡി പി സി (ഹയർ) യോഗം ശ്രീമതി ബീന ബി. എസ്.-ന്റെ പേര് പരിഗണിക്കുകയും ടിയാരിയെ പരാമർശം (1) പ്രകാരമുള്ള 2019 ലെ ജോയിന്റ് ഡയറക്ടർ സെലക്ട് ലിസ്റ്റിൽ ക്രമ നം **39 എ** ആയി ഉൾപ്പെടുത്തി ടിയാരിയുടെ ജൂനിയർ കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ നോഷണലായി സ്ഥാനക്കയറ്റം നല്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത യോഗ തീരുമാന പ്രകാരം ടിയാരിയെ മേൽ പരാമർശിത സെലക്ട് ലിസ്റ്റിൽ ക്രമ നം 37 എ ആയി ഉൾപ്പെടുത്തി, പരാമർശം (4) പ്രകാരം 2019 ലെ സെലക്ട് ലിസ്റ്റ് ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ശ്രീമതി ബീന ബി.എസ്.ന് പരാമർശം (3) ഉത്തരവ് പ്രകാരം കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നല്കിയിട്ടുണ്ട്. എന്നാൽ ടിയാളുടെ ജൂനിയറായ ശ്രീ റ്റി.വി.രാജേന്ദ്ര ലാൽ-ന് പരാമർശം (2) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിക്കുകയും ടിയാൻ 01/08/2019 യിൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ പ്രവേശിക്കുകയും ചെയ്തു . ടി തീയതി പ്രാബല്യത്തിൽ ശ്രീമതി ബീന ബി.എസ്.ന് നോഷണലായി സ്ഥാനക്കയറ്റം നല്കണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 30.07.2019 യിൽ ചേർന്ന ഡി.പി.സി (ഹയർ) യോഗം ശ്രീമതി ബീന.ബി.എസ്.-ന്റെ പേര് പരിഗണിക്കുകയും, ടിയാളെ ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള 2019 ലെ സെലക്ട് ലിസ്റ്റിൽ ക്രമ.നം.39 എ ആയി ഉൾപ്പെടുത്തി, പരാമർശം (4) ഉത്തരവ് പ്രകാരം 2019 ലെ സെലക്ട് ലിസ്റ്റ് ഭേദഗതി വരുത്തി ഉത്തരവായിട്ടുമുള്ള സാഹചര്യത്തിൽ ടിയാരിയുടെ ജൂനിയർ ശ്രീ.റ്റി.വി.രാജേന്ദ്ര ലാലിന് ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയ ഉത്തരവ് തീയതിയായ 04/07/2019 പ്രാബല്യത്തിൽ ശ്രീമതി ബീന.ബി.എസ്. ജോയിന്റ് ഡയറക്ടർ തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 23(സി) പ്രകാരം നോഷണൽ പ്രൊമോഷന് ശമ്പളത്തിന്റെയും ആനുകൂല്യങ്ങളുടെയും കുടിശ്ശികയ്ക്ക് ടിയാരിയ്ക്ക് അർഹതയില്ലാത്തതിനാൽ ശ്രീമതി.ബീന ബി.എസ്-ന് നോഷണൽ പ്രൊമോഷനെ തുടർന്ന് സാമ്പത്തികാനുകൂല്യങ്ങൾക്ക് (ശമ്പളത്തിന്റെയും ആനുകൂല്യങ്ങളുടെയും കുടിശ്ശികയ്ക്ക്) അർഹതയുണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ് സാബിർ ഹുസൈൻ**
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ശ്രീമതി ബീന ബി.എസ്., കൃഷി ജോയിന്റ് ഡയറക്ടർ (റിട്ട.) (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (AGRI-EA1/175/2020-AGRI )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ